പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1752 06.03.2017-ലെ മറുപടിക്ക്

## കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ. അടൂർ പ്രകാശ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 80% പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടും പദ്ധതികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി യ്ക്ക് തുക മുഴുവനായും നൽകിയിട്ടില്ല. പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബിൽ സമർപ്പിച്ചാൽ മാത്രമേ തുക അനുവദിക്കാറുള്ളൂ. |
| (സി) | കോൺട്രാക്ടർക്ക് ബിൽ തുക മാറി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | M.L.A യുടെ ഫണ്ടിൽ നിന്നും ഇപ്പോൾ 73,19,120 രൂപ മാത്രമേ കരാറുകാരന് നൽകിയിട്ടുള്ളൂ. ബാക്കി തുക അനുവദിക്കുന്ന വിഷയം പരിശോധനാഘട്ടത്തിലാണ്. |
| (ഡി) | കോൺട്രാക്ടർക്ക് തുക വല്ലതും ഇനി നൽകാനുണ്ടോ; എങ്കിൽ എം.എൽ.എ ഫണ്ടിൽ നിന്നും ലഭിച്ച തുക നൽകാത്തതിന് കാരണം വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്.<br>M.L.A ആസ്തി വികസന ഫണ്ടിൽ നിന്നും തുക ലഭിക്കുന്നതിന് സമർപ്പിച്ച ബില്‍ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | ആസ്തി വികസന ഫണ്ടിൽ നിന്നും നൽകിയ തുക വിനി | (ഇ) | സർക്കാരിന് സമർപ്പിച്ച 2nd പാർട്ട് ബില്ലിന്റെ തുകയ്ക്കുള്ള അനുമതി |

| | | | |
|---|---|---|---|
| | യോഗിക്കാൻ കാലതാമസ്സം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | | പരിഗണനയിലാണ്. |
| (എഫ്) | കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് നാളിതുവരെ ഏതെല്ലാം സ്കീമിൽ നിന്നും തുക ലഭ്യമാക്കിയിട്ടുണ്ടെന്നും ഓരോന്നും എത്രയെന്നും ആയതിൽ നിന്ന് വിനിയോഗിച്ചത് എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എഫ്) | ശ്രീ. അടൂർ പ്രകാശ് M.L.A യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 3 കോടി രൂപയാണ് ലഭിച്ചത്. മറ്റുതരത്തിൽ പണമൊന്നും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**